എക്സിക്യൂട്ടീവ്സ്	-	113
മാനേജർമാർ	-	76
സീനിയർ മാനേജർ	-	2
ജനറൽ മാനേജർ	-	2
ആകെ		623

(ബി) ഇല്ല. 514 ജീവനക്കാർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.

(സി) കേരള വ്യവസായ പുനരുദ്ധാരണ നിധിയിൽ നിന്നും ലഭിച്ച, സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്കുകളിൽ ട്രഷറിയിൽ നിന്നും തുക അനുവദിക്കുന്നതിന് കാലതാമസം നേരിട്ടു. അതുമൂലമാണ് എല്ലാ ജീവനക്കാർക്കും ആനുകൂല്യം നൽകുന്നതിൽ താമസം നേരിട്ടത്.

(ഡി) സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിന്റെ ചെക്കുകൾ കമ്പനിയുടെ കൈവശമുണ്ട്. ചെക്കുകൾ ട്രഷറിയിൽ നിന്നും അനുവദിച്ചുകിട്ടുന്നതിനായി നടപടി കൈകൊണ്ടിട്ടുണ്ട്. കിട്ടുന്ന മുറയ്ക്ക് പണം നൽകുന്നതാണ്.

വ്യവസായ നയത്തിന്റെ ലക്ഷ്യങ്ങൾ

24 (*114) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായ നയത്തിൽ രണ്ടര വർഷത്തിനകം 3.5 ലക്ഷം പേർക്ക് തൊഴിലും 3250 കോടി രൂപയുടെ അധിക മുതൽ മുടക്കും വ്യവസായരംഗത്ത് 9% വളർച്ചാനിരക്കും ലക്ഷ്യമിട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ പ്രസ്തുത സംഗതികളിൽ ഏതൊക്കെ യാഥാർത്ഥ്യമാക്കിയെന്ന് ഇനം തിരിച്ച് വിശദമാക്കാമോ ;

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പൊതുമേഖലയിലും സഹകരണ മേഖലയിലുമായി എന്ത് മുതൽ മുടക്ക് സംസ്ഥാനത്തിന് ആർജ്ജിക്കുവാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഇപ്രകാരം ആർജ്ജിച്ച മുതൽ മുടക്കിൽ ഓരോ മേഖലയിലും നടത്തപ്പെട്ട വിദേശനിക്ഷേപം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ എത്രപേർക്ക് തൊഴിൽ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇപ്രകാരം എത്രപേർക്ക് തൊഴിൽ നൽകുന്നതിന് കഴിഞ്ഞു എന്ന് അറിയിക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി(ശ്രീമതി സുശീലാ ഗോപാലൻ) :

(എ) വമ്പിച്ച തൊഴിൽ സാദ്ധ്യതകളും മുതൽ മുടക്കും 9% വളർച്ചാ നിരക്കുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) വ്യവസായ നയം പ്രഖ്യാപിച്ചതിനുശേഷം ടെക്നോപാർക്കിൽ 23 പുതിയ കമ്പനികൾ തുടങ്ങി. ഇവയിലെല്ലാംകൂടി 3496 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം ഉണ്ടായിട്ടുണ്ട്. 1421 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു. 3485 ലക്ഷം രൂപയുടെ വാർഷിക വിറ്റുവരവ് നടന്നു. ടെക്നോപാർക്കിലെ കമ്പനികളുടെ വളർച്ചാനിരക്ക് 150% മുതൽ 200% വരെയാണ്. കിൻഫ്രയുടെ വിവിധ പാർക്കുകളിലായി 78 യൂണിറ്റുകൾക്ക് വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. ഈ വ്യവസായങ്ങൾ നിലവിൽ വരുമ്പോൾ ഏകദേശം 179 കോടി രൂപയുടെ മൂലധനവും 3677 പേർക്ക് തൊഴിലും പ്രതീക്ഷിക്കുന്നു. ചെറുകിട വ്യവസായ മേഖലയിൽ 1998 മുതൽ 31-1-2001 വരെ 56812 യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഇവയിലൂടെ 1068 കോടി രൂപയുടെ മുതൽ മുടക്ക് ഉണ്ടായിട്ടുണ്ട്. വളർച്ചാനിരക്ക് 1998-99-ൽ 29.52%-ഉം 1999-2000-ൽ 31.50%ഉം ആണ്. കെ.എസ്.ഐ.ഡി.സി.യുമായി ചേർന്ന് ആരംഭിച്ചിട്ടുള്ള 96 പദ്ധതികളിലെല്ലാം കൂടി (കഴിഞ്ഞ രണ്ടര വർഷത്തിനകം) 83.57 പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ട്. അവയുടെ മുതൽമുടക്ക് 1115 കോടി രൂപയാണ്. എന്നാൽ കോർപ്പറേഷൻ നിക്ഷേപ തീരുമാനം എടുത്തതും 1556 കോടി മുതൽ മുടക്കു പ്രതീക്ഷിക്കുന്നതുമായ 91 പദ്ധതികൾ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ കേന്ദ്ര പൊതുമേഖലയിൽ പൊട്രോനെറ്റ് എൽ.എൻ.ജി.ലി. 1600 കോടി രൂപയുടേയും പെട്രോനെറ്റ് സി.സി.കെ.ലി. 538 കോടി രൂപയുടേയും കൊച്ചി റിഫൈനറീസ് 4380 കോടി രൂപയുടേയും, ക്യാപ്റ്റീവ് പവ്വർ പദ്ധതി 3000 കോടി രൂപയുടേയും നിക്ഷേപത്തിനുള്ള പദ്ധതികൾ തയ്യാറാക്കി കഴിഞ്ഞു.

(സി) ചെറുകിട വ്യവസായ മേഖലയിൽ 21-5-96 മുതൽ 31-1-2001 വരെ 1787.97 കോടി രൂപയും ടെക്നോപാർക്കിൽ 11821 ലക്ഷം രൂപയുടേയും മുതൽ മുടക്ക് ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കിൻഫ്രയിലെ വിവിധ യൂണിറ്റുകൾക്ക് എല്ലാംകൂടി 7830 ലക്ഷം രൂപയുടെ മൂലധന നിക്ഷേപം ഉണ്ട്. പ്രാഥമിക കണക്കുകൾ പ്രകാരം ഉള്ള നിക്ഷേപം.

കേന്ദ്ര പൊതുമേഖല	:	31-3-1999 വരെ 2572.16 കോടി രൂപ
സംസ്ഥാന പൊതുമേഖല	:	31-3-2000 വരെ 2994.46 കോടി രൂപ
സഹകരണ മേഖല (പൂർണ്ണമല്ല)	:	66 കോടി രൂപ
സ്വകാര്യ മേഖല (ഇടത്തര - വൻകിട)	:	31-3-2000 വരെ 1900 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ടെക്നോപാർക്കിൽ സ്വകാര്യ മേഖലയിൽ 11821 ലക്ഷം രൂപയുടേയും കെ.എസ്.ഐ.ഡി.സി.യുടെ പരിധിയിൽ വിദേശ പ്രവാസി പങ്കാളിത്തത്തോടെ 589 കോടി രൂപയുടേയും നിക്ഷേപം ഉണ്ടായിട്ടുണ്ട്. കൂടാതെ 1273 കോടി രൂപയുടെ പദ്ധതികൾ നിർമ്മാണഘട്ടങ്ങളിലാണ്.

(ഇ) വർദ്ധിച്ച തൊഴിൽ സാദ്ധ്യതകളാണ് ലക്ഷ്യമിട്ടിരുന്നത്.

(എഫ്) ചെറുകിട വ്യവസായ മേഖലയിൽ 335826 പേർക്ക് തൊഴിൽ നൽകുവാൻ സാധിച്ചു. ടെക്നോപാർക്ക് കെ.എസ്.ഐ.ഡി.സി., കിൻഫ്ര, തുടങ്ങിയ സ്ഥാപനങ്ങളുടെ എല്ലാം പരിധിയിൽ വരുന്ന വ്യവസായ സംരംഭങ്ങളിലൂടെ 19377 പേർക്കും തൊഴിൽ നൽകുവാൻ സാധിച്ചിട്ടുണ്ട്.

സ്കൂളുകളെ ദത്തെടുക്കൽ പദ്ധതി

25 (*115) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. എം. ദാസൻ:
ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ വിജയശതമാനം മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളെ ദത്തെടുക്കുന്ന പദ്ധതികളുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ സംസ്ഥാനത്ത് ഇതിനകം എത്ര സ്കൂളുകളെ സർക്കാർ ദത്തെടുത്തു എന്ന് അറിയിക്കുമോ ;

(സി) സർക്കാർ ദത്തെടുത്ത സ്കൂളുകളിലെ വിജയശതമാനം എത്ര കണ്ട് വർദ്ധിച്ചുവെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ഡി) എങ്കിൽ ഓരോ വർഷത്തെയും വിജയശതമാനം എത്ര വീതമെന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിലാണ് ഏറ്റവും കൂടുതൽ സ്കൂളുകളെ ദത്തെടുത്തതെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) സ്കൂളുകളെ ദത്തെടുക്കൽ പദ്ധതി നടപ്പാക്കിയപ്പോൾ അദ്ധ്യാപകർക്ക് അധികജോലി ചെയ്യേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) ദത്തെടുക്കൽ പദ്ധതി പ്രകാരം നിർദ്ധനരും എന്നാൽ സമർത്ഥരുമായ വിദ്യാർത്ഥികളുടെ പഠന സൗകര്യം മെച്ചപ്പെടുത്താൻ പഠനോപകരണങ്ങളും ഭക്ഷണവും സൗജന്യമായി നൽകിയിരുന്നുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly